തൊഴിലില്ലായ്മ.

* 1331. [12] ശ്രീ. ആർ. ജനാർദ്ദനൻ നായർ : താഴെ കാണുന്ന പ്രാധ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവിതാംകൂർ-കൊച്ചി മലബാർ പ്രദേശങ്ങളിൽ ഒന്നാം പഞ്ചവത്സര പദ്ധതിക്കു് മുമ്പുണ്ടായിരുന്ന തൊഴിലില്ലാത്തവരുടെ എത്ര ശതമാനം ഒന്നാം പഞ്ചവത്സരപദ്ധതികൊണ്ടും, രണ്ടാംപഞ്ചവത്സരപദ്ധതിയുടെ മൂന്നു കൊല്ലക്കാലപ്രവർത്തനം കൊണ്ടും പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടു്) : ഇതിനെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കുകളും മുഴുവൻ ലഭ്യമല്ല.

സെറാമിക്കു് ഫാക്ടറികൾ.

* 1332. [13] ശ്രീ. ആർ. ഗോവിന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്നു കേരളത്തിൽ എത്ര സെറാമിക്കു് ഫാക്ടറികൾ ഉണ്ടു് ;

(ബി) ഇതിൽ ഏതെങ്കിലും പ്രവർത്തനരഹിതമായി കിടപ്പുണ്ടോ, ഉണ്ടെങ്കിൽ ഏതു് ;

(സി) ഈ ഫാക്ടറികളിൽ എല്ലാം കൂടി ഉൽപ്പാദിപ്പിക്കുന്ന പോർസ്ലൈൻ സാധനങ്ങൾ ഇൻഡ്യയ്ക്കു് ആവശ്യമുള്ള സാധനങ്ങളുടെ എത്ര ശതമാനം വരുമെന്നു് കണക്കെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം ;

(ഡി) നമ്മുടെ സംസ്ഥാനത്തിൽ ഇനിയും കൂടുതൽ സെറാമിക്കു് ഫാക്ടറികൾ സ്ഥാപിക്കുന്നതിനുള്ള ആലോചനകൾ ഉണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) കേരളത്തിൽ ആകെ ഏഴു സെറാമിക്കു് ഫാക്ടറികളുണ്ടു്. അവ താഴെ പറയുന്നവയാണു് :—

(1) കേരളഗവണ്മെൻറു് സെറാമിക്കു്സു്, കുണ്ടറ.
(2) ഗവണ്മെൻറു് സെറാമിക്കു് കൺസേൺസു്, കുണ്ടറ.
(3) ട്രാവൻകൂർ പാട്ടറീസു്, ഇത്തിക്കര
(4) മെസേഴ്സു് തോമസു് സ്റ്റീഫൻ കമ്പനി ലിമിറ്റഡു്, കൊല്ലം.
(5) സ്റ്റാൻഡേഡു് പാട്ടറീസു്, ആലുവാ.
(6) കൊച്ചിൻ പാട്ടറീസു്, ചാലക്കുടി.
(7) ന്യൂ ഇൻഡ്യാ സെറാമിക്കുസു്, പറൂർ.

(ബി) ഗവണ്മെൻറിനു് അറിവില്ല.

(സി) കണക്കെടുത്തിട്ടില്ല.

(ഡി) ഉണ്ടു്, കണ്ണൂർ ഡിസ്ട്രിക്ടിൽ മങ്ങാട്ടുപറമ്പു് സെറാമിക്കു് സർവ്വീസു് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീമതി ലീലാദാമോദരമേനോൻ : ഇതിൽ എത്ര ഫാക്ടറികളാണു് ഗവണ്മെൻറു നടത്തുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly